ഹദീസ്

നൗഷാദ് ചേനപ്പാടി

# അനാഥത്വം വിട്ടൊഴിയാത്ത മാനസിക വ്യഥയാണ്

عَنْ أَبِي أُمَامَةَ، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: «مَنْ مَسَحَ رَأْسَ يَتِيمٍ لم يمسسحه إلا للَّهِ كان لَهُ بِكُلِّ شَعْرَةٍ مرّت عليها يده حَسَنَات و مَنْ أحسن إلى يَتِيمة أَوْ يَتِيم عندهُ كُنْتُ أَنَا وَهُوَ فِي الْجَنَّةِ كَهاتين»و فرّق بين أصبعيه السّبّابة وَ الوسطى(رواه أحمد و رجاله رجال صحيح)

**അബൂഉമാമത്തുൽ ബാഹിലിയിൽനിന്ന്: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: അല്ലാഹുവിന്റെ തൃപ്തി ഉദ്ദേശിച്ചുകൊണ്ട് ആരെങ്കിലും ഒരു യതീമിന്റെ തലയിൽ തലോടുകയാണെങ്കിൽ അവന്റെ കൈ തഴുകിയ ഓരോ മുടിയുടെയും എണ്ണമനുസരിച്ച് അവനു നന്മകൾ ലഭിക്കുകതന്നെ ചെയ്യും. തന്റെ സംരക്ഷണത്തിലുള്ള യതീമിനോട് ആരെങ്കിലും നന്മയോടെ വർത്തിച്ചാൽ ഞാനും അവനും സ്വർഗത്തിൽ ഇപ്രകാരമായിരിക്കും: ഇതുപറഞ്ഞുകൊണ്ട് അവിടുന്ന് തന്റെ ചൂണ്ടുവിരലും നടുവിരലും വിടർത്തിക്കാണിച്ചു.**

ഇമാം അഹ്മദ് (റ) തന്റെ *മുസ്നദിലും* ഇമാം ഹൈതമി(റ) *മജ്മഉസ്സവാഇദിലും* ഉദ്ധരിച്ച ഹദീസ്. ഈ ഹദീസ് ഗരീബാണ് എന്ന് ഒരു റിപ്പോർട്ടിലും മറ്റു ചിലതിൽ അതിന്റെ നിവേദകർ അവലംബനീയരാണെന്നും വേറെ ചിലതിൽ ഇതിന്റെ പരമ്പരയിൽ ദൗർബല്യമുണ്ടെന്നും കാണുന്നു.

യതീമുകളോടുള്ള/ അനാഥരോടുള്ള ഇസ്‌ലാമിന്റെ സമീപനം അത്യന്തം ഹൃദയഹാരിയായി വിശദീകരിക്കുന്ന ഹദീസാണിത്. മറ്റാരുടെയെങ്കിലും തലയിൽ തലോടുന്നത് പുണ്യകർമമായി ഇതുപോലെ അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞതായി അറിവില്ല. അത്യന്തം വിനാശകാരിയായ ഏഴു മഹാപാപങ്ങളിലൊന്ന് അനാഥയുടെ മുതൽ അന്യായമായി ഭക്ഷിക്കലാണെന്ന് അവിടുന്ന് സമൂഹത്തിന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഖുർആനും സുന്നത്തും വലിയ പ്രാധാന്യമാണ് 'കഫാലത്തുൽ യതീമി'ന്, അഥവാ അനാഥയെ പോറ്റിവളർത്തുന്നതിന് നൽകിയിട്ടുള്ളത്. നബി(സ)യും അനാഥത്വത്തിന്റെ ചൂടും ചൂരും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണല്ലോ. എട്ടുവയസ്സുവരെ പിതാമഹൻ അബ്ദുൽ മുത്ത്വലിബും അതിനു ശേഷം നാൽപത്തിരണ്ടു വർഷം പിതൃവ്യൻ അബൂത്വാലിബും കണ്ണിലെ കൃഷ്ണമണിപോലെ സ്വന്തം സന്താനങ്ങളേക്കാൾ നന്നായി അവിടുത്തെ സംരക്ഷിച്ചുവെങ്കിലും അനാഥത്വം ഇല്ലാതെയാവില്ലല്ലോ. ചെറുപ്പത്തിൽ തന്റെ മുമ്പിൽ വെച്ച് മാതാപിതാക്കൾ കുട്ടികളെ താലോലിക്കുന്നത് അവിടുന്ന് കണ്ടിരിക്കണം. അപ്പോൾ സ്വന്തം മാതാവിനെയും പിതാവിനെയുമോർത്ത് ആ കുഞ്ഞുഹൃദയം പിടഞ്ഞിരിക്കണം. ആ ഓർമകൾ അവിടുത്തെ ഹൃദയത്തെ എന്നും മഥിച്ചിട്ടുണ്ടാവണം. അനാഥയെ പോറ്റുന്നതിന്റെ മഹത്വവും അവഗണിക്കുന്നതിന്റെ ഗൗരവവും ഭയാനകതയും സമൂഹത്തിന് മുന്നറിയിപ്പ് നൽകിയിരുന്നപ്പോൾ താനനുഭവിച്ചറിഞ്ഞ ഭൂതകാലവും ആ മുന്നറിയിപ്പുകളിൽ സ്വാധീനം ചെലുത്തിയിരുന്നിരിക്കണം. അവലംബം നഷ്ടപ്പെട്ട ഏതൊരുവനും യതീമാണെന്ന് പ്രസിദ്ധ സ്വഹാബി അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്നുണ്ട്.

മനുഷ്യരിൽ പിതാവ് മരണപ്പെട്ടുപോയ കുട്ടിക്കാണ് يتيم, അഥവാ അനാഥൻ എന്നുപറയുന്നത്. മൃഗങ്ങളിൽ തള്ള ചത്തുപോയ കുട്ടിയും. മനുഷ്യരിൽ മാതാവ് മരണപ്പെട്ടുപോയ കുട്ടിക്ക് عجيّ (അജിയ്യ് )എന്നാണ് പറയുക. മാതാവും പിതാവും മരണപ്പെട്ടുപോയ കുട്ടി لطيم (ലത്വീം)ആണ്. അടികിട്ടുന്നവൻ എന്നർഥമുണ്ട് അതിന്. പിതാവും മാതാവും മരണപ്പെട്ടതിനാൽ ചോദിക്കാനും പറയാനും ആളില്ലാതെ ജനങ്ങൾ ഉപദ്രവിക്കുന്നവൻ എന്ന ആശയത്തിലാവാം ആ പ്രയോഗം. ഒറ്റപ്പെടൽ എന്നും ആ വാക്കിന് അർഥമുണ്ട്. സാദൃശ്യമൊന്നുമില്ലാതെ നിസ്തുലമായി നിലകൊള്ളുന്നതിനെയും യതീം എന്നു പറയും. درّة يتيمة (നിസ്തുല രത്നം) എന്ന് പറയാറുണ്ട്. يتيمة الدّهر എന്നാൽ തന്റെ കാലഘട്ടത്തിലെ സവിശേഷനായ, അതുല്യനായ വ്യക്തി എന്നർഥം. ഈ പേരിൽ അറബി സാഹിത്യത്തിൽ ഒരു ഗ്രന്ഥവുമുണ്ട്. *യുത്മ്* എന്നതിന്റെ അടിസ്ഥാനാർഥം *ഗഫ്‌ലത്ത്* (അശ്രദ്ധ) ആണെന്ന് *മുഫള്ളൽ* എന്ന ഭാഷാപണ്ഡിതൻ പറയുന്നു. അനാഥയുടെ കാര്യത്തിൽ, അവനെ പോറ്റുന്നതിൽ ജനങ്ങൾ അശ്രദ്ധരാണല്ലോ. എന്നാൽ അബൂഅംറ് എന്ന ഭാഷാപണ്ഡിതന്റെ അഭിപ്രായത്തിൽ إبطاء പിന്തിക്കൽ, മെല്ലെയാക്കൽ എന്നതാണ് അടിസ്ഥാനാർഥം. അനാഥയെ പോറ്റുന്നതിൽ ജനങ്ങൾ പിന്തുന്നതുകൊണ്ടാവാം അത്.

നബി (സ) വ്യക്തികളോടാണ് അനാഥയെപ്പറ്റിയും അവന്റെ സംരക്ഷണത്തെപ്പറ്റിയും പറഞ്ഞിട്ടുള്ളത്. അതിനാൽ സാമൂഹിക ബാധ്യത എന്നതിനേക്കാൾ ഉപരിയായി അനാഥസംരക്ഷണം അതത് കുടുംബത്തിന്റെയും അതിലെ വ്യക്തികളുടെയും ബാധ്യതയാണ്. ●